ഭാഗികമായി മാത്രമേ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. 1-7-2009-ന് ശേഷം പെൻഷൻ ആയവരിൽ 31-8-2013 വരെ പെൻഷൻ ആനുകൂല്യങ്ങൾ ആതൈസ് ചെയ്ത് ഉത്തരവായിട്ടുള്ളവർക്ക് പെൻഷൻ കുടിശ്ശിക ഒഴികെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി. കമ്മ്യൂട്ടേഷൻ) നൽകിയിട്ടുണ്ട്.

കയ്യൂർ-ചീമേനി പഞ്ചായത്തിലെ കാക്കടവ് കേന്ദ്രീകരിച്ച് കുടിവെള്ള പദ്ധതി

189 (4475) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി പഞ്ചായത്തിലെ കാക്കടവ് കേന്ദ്രീകരിച്ച് നിലവിലുള്ള കുടിവെള്ള പദ്ധതി കൂടാതെ വാട്ടർ അതോറിറ്റി പുതിയ പദ്ധതി ഏതെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

കയ്യൂർ-ചീമേനി എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കുള്ള 3.00 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ചീമേനിയിൽ ആരംഭിക്കാനുള്ള സൈബർ പാർക്കിനുവേണ്ടി 4.50 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള ഒരു കുടിവെള്ള പദ്ധതി കൂടി നടപ്പിലാക്കുന്നതിന് 1960 ലക്ഷം രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

കണ്ടറ പേരയം കുടിവെള്ള പദ്ധതി

190 (4476) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടറ പേരയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണപ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഒരു പ്രദേശത്തെയാകെ ജനങ്ങളുടെ കുടിവെള്ളപ്രശ്നത്തിനുമേൽ റവന്യൂവകുപ്പ് തീരുമാനം നീട്ടിക്കൊണ്ടുപോയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കുവാൻ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കണ്ടറ പേരയം പദ്ധതിക്ക് 106 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കാവശ്യമായ ടാങ്ക്, പമ്പിംഗ് മെയിൻ, കിണർ,

LIBRARY ARCHIVES Kerala Legislative Assembly

പമ്പ് ഹൗസ്, വിതരണ പൈപ്പുകൾ എന്നിവ ഉൾപ്പെട്ട വിശദമായ എസ്റ്റിമേറ്റിന്മേൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഉന്നതതല സംഭരണി നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്തിൽനിന്നും വിട്ടുകിട്ടിയാൽ മാത്രമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ബി& സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മീനാട് കുടിവെള്ള പദ്ധതി

191 (4477) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനം ആരംഭിച്ചത് എന്നാണ്; പൂർത്തീകരിക്കാൻ ഉദ്ദേശിച്ചത് എന്നായിരുന്നു; അടങ്കൽ തുക എത്ര ആയിരുന്നു;

(സി) പദ്ധതിയുടെ കരാർ ആർക്കാണ് നൽകിയിരുന്നത്;

(ഡി) കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പദ്ധതിയുടെ ഭാഗമായി ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തനങ്ങളും അവശേഷിക്കുന്ന പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(എഫ്) പദ്ധതിയുടെ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും എന്നത്തേക്ക് പൂർണ്ണ തോതിൽ കമ്മീഷനിംഗ് നടക്കും എന്നുമുള്ള വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മീനാട് ശുദ്ധജല പദ്ധതി നാല് പാക്കേജുകളായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

പാക്കേജ് 1 - ഇൻടേക്ക്, റോ വാട്ടർ പമ്പിംഗ് മെയിൻ & ട്രീറ്റ്മെന്റ് പ്ലാന്റ്.

പാക്കേജ് 2 - ട്രാൻസ്മിഷൻ പൈപ്പ് ലൈനുകളും സ്റ്റാന്റാ ടെലിമെട്രി ജോലികളും

പാക്കേജ് 3 - ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകളും ഗാർഹിക കണക്ഷനുകളും

പാക്കേജ് 4 - ജലസംഭരണികളും ഓഫീസ് കെട്ടിടങ്ങളും സ്റ്റാഫ് ക്വാർട്ടേഴ്സുകളും.

LIBRARY ARCHIVES Kerala Legislative Assembly